**സവിശേഷതകൾ**

ഏതു നാടിനും ഓരോകാര്യത്തിലും അതിന്റേതായ സവിശേഷതകളുണ്ട്. ഇതിനുദാഹരമാണ് 10-ാം ഡിവിഷനിൽപ്പെടുന്ന മണ്ണുത്തി നെല്ലങ്കരദേശത്ത് എല്ലുവത്തിങ്കൽ ഡേവിസിന്റെ വീട്ടിലും ആദേശത്തിന്റേതായ സവിശേഷതകൾ കാണാൻ കഴിയുന്നു. ജൈവഭൂമിശാസ്ത്രപരമായ പല വിധത്തിലുള്ള സവിശേഷതകളുണ്ട്.

ഇവർ ഇപ്പോൾ താമസിക്കുന്ന വീടിന് ഏകദേശം 70 വർഷത്തോളം പഴക്കമുണ്ടെന്നാണ് പറയുന്നത്. ആ പഴക്കം അവർ അതേപഴമയോടെ തന്നെ സൂക്ഷിക്കുന്നുണ്ട്. ഒരു വലിയ ആമ്പൽ കുളമുണ്ട് അവരുടെ വീട്ടുമുറ്റത്ത്. ആ കുളം പണ്ടുമുതലേ ഉള്ളതാണെന്നാണ് പറയുന്നത്. അവിടം ഇപ്പോൾ കെട്ടി നല്ലൊരു കുളമാക്കിയിരിക്കുകയാണ്. ആ കുളത്തിൽ വളരെയധികം മീനുകളെ വളർത്തുന്നുണ്ട്. ഇവരുടെ വീടിന് വെളിയിലൂടെ ഒഴുകുന്ന ചാലിൽ നിന്നും വെള്ളം ഈ കുളത്തിലേക്ക് ഇപ്പോഴും ഒഴുകുന്നുണ്ട്. കുളക്കോഴികളുടെ നീന്തൽകുളം തന്നെയാണിത്. ആദ്യകാലത്ത് ഈ കുളത്തിൽനിന്നുമാണെത്രേ കൃഷിക്ക് ആവശ്യമായ വെള്ളം എടുത്തിരുന്നത്. ഇവരുടെ വീടും, പരിസരവും, പറമ്പുമെല്ലാം പക്ഷിമൃഗാദികളുടെ അഭയകേന്ദ്രം തന്നെയാണ്. വെള്ളരിപ്രാവുകൾ മയിലിന്റെ തൂവൽപോലെ വിരിഞ്ഞുനിൽക്കുന്ന തരത്തിലുള്ള പ്രാവുകളാണ്. ലൗ ബേർഡ്സ്, മുയലുകൾ, തത്തകൾ, കോഴികൾ, കാടകൾ, ഗ്ലൂസ് എന്നറിയപ്പെടുന്ന കോഴി എന്നിവയും ഇവർ വീട്ടിൽ വളർത്തുന്നു. ഇവക്കുപുറമെ തൂക്കണാം കുരുവികളും, മൈന, കൊക്ക് തുടങ്ങിയവയും നിത്യസന്ദർശകർ തന്നെ. ഈ ഭാഗം പണ്ടു മുതലേ ഒരു വലിയ തുരുത്തായിരുന്നു എന്നു പറയുന്നു. പണ്ടുമുതലേ ഉണ്ടായിരുന്ന സന്ദർശകരായതുകൊണ്ടാകാം എല്ലാകൊല്ലവും ഇവർ സന്ദർശനം നടത്തുന്നത്. ഇപ്പോഴും അവർക്ക് യാതൊരുവിധത്തിലു ള്ള ശല്ല്യവും ഉണ്ടാക്കാത്തതു കൊണ്ടുമാവാം ഇപ്പോഴും ഇവിടെ പക്ഷികളൊക്കെ മുടക്കം കൂടാതെ കൂടണയുന്നത്. നെല്ലങ്കരയിലെ നെൽവയലുകളിനടുത്തുള്ള തുരുത്തായതുകൊണ്ടാകാം കൊക്കുകളും, നീർകാക്കകളും, എരണ്ടികളും ഓരോ സീസണിലും വന്നുപോകുന്നത്. ഇവക്കൊക്കെ പുറമെ വളരെയധികം കാക്കകളും ഇവിടത്തെ സന്ദർശകരിൽപ്പെടുന്നവയാണ്.

ഇവരുടെ പറമ്പിൽ തന്നെ ഒരു വാൽകിണറുണ്ട്. അത് പണ്ടുമുതൽക്കേ ഉണ്ടായിരുന്നതാണെന്ന് പറയുന്നു. ഇതിന്റെ പ്രത്യേകതയായി പറയുന്നതുതന്നെ ഈ കിണറ്റിലാണെത്രേ പണ്ട് ഉറ ഊറക്കിടാനായി ഉപയോഗിച്ചിരുന്നത്. ഇത് ഊറക്കിട്ട് ചെരുപ്പ് കുത്തിയിരുന്നതായും പറയപ്പെടുന്നു. ഇതെല്ലാം വീടിനു പുറത്തെ കാര്യം. വീടിനകത്തും കാണാൻ കാഴ്ചകളേറെത്തന്നെയുണ്ട്. ഇവിടെ കുടുംബവകയായി ലഭിച്ചിട്ടുള്ള മുണ്ടുംപെട്ടി, പണപ്പെട്ടി, ഓട്ടുകിണ്ണം, ചുണ്ണാമ്പുകുറ്റി, ചുണ്ണാമ്പു തവി, വിളക്ക് മണ്ണെണ്ണ ഒഴിക്കുന്നത്, ഒരു കുട്ടകം, കോളാമ്പി, ട്രങ്ക് പെട്ടി എന്നിവയൊക്കെയുണ്ട്. ഇവരുടെ അപ്പൂപ്പന്റെ കല്ല്യാണത്തിന് അമ്മൂമ്മക്ക് സ്ത്രീധനമായി ലഭിച്ചിട്ടുള്ളതാണ്.

കാക്കശ്ശേരി ചാക്കപ്പൻ ഭാര്യ മാത്തിരി അമ്മൂമ്മക്കും, അവരുടെ അമ്മ കൈതക്കോടൻ ജോബ് ഭാര്യ താണ്ടമ്മക്ക് സ്ത്രീധനം കിട്ടിയതും ആയ പാത്രങ്ങളും മറ്റ് സാധനസാമഗ്രികളും അവർ ഇപ്പോഴും സൂക്ഷിക്കുന്നു. ആഭരണപ്പെട്ടിക്ക് 50 വർഷത്തോളം പഴക്കം കണക്കാക്കുന്നു. കോളാമ്പിക്കാകട്ടെ ഏകദേശം 150 വർഷം പഴക്കം വരുമെന്നാണ് പറയുന്നത്. ആ പഴക്കം അതിന് കാണാനുണ്ട്താനും. കാരണം അതിന്റെ അടിവശമെല്ലാം തേയ്മാനം സംഭവിച്ചിട്ടുണ്ട്. 60 വർഷത്തോളം പഴക്കമുള്ള ട്രങ്ക്പെട്ടിയുമുണ്ട്. പണപ്പെട്ടി അവരുടെ അപ്പാപ്പന്റെ വകയാണ്. ഇങ്ങനെയുള്ള പുരാതനമായ പല സംഭവങ്ങളും അവിടെ ദർശിക്കാനുണ്ട്.പിന്നെ ഇവിടെ പഴയ ഒരു ചുവർചിത്രവുമുണ്ട്.അതിന്റെ ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ അതിന് കളറിംഗ് കൊടുത്തിരിക്കുന്നത് പലതരത്തിലുള്ള മരത്തിന്റെ ചായങ്ങൾ ഉപയോഗിച്ചാണത്രേ. പിന്നെ പല വലിപ്പത്തിലുള്ള നാളികേരങ്ങൾ എടുത്ത് സൂക്ഷിച്ചിരിക്കുന്നു. ഇവരുടെ വീട്ടിൽ ഒരു വലിയ ശംഖ് ഉണ്ട്. അത് കന്യാകുമാരിയിൽ നിന്ന് വാങ്ങിച്ചതാണെന്ന് പറഞ്ഞു. പള്ളികളിൽ തൂക്കുന്ന ഡോമും ഇവരുടെ വീട്ടിലുണ്ട്.പണ്ട് നെല്ലളക്കാൻ ഉപയോഗിച്ചിരുന്ന മരത്തിന്റെ പറയുണ്ട്. പണ്ടത്തെ നാളികേരം പൊളിക്കുന്ന കുറ്റി, ചുവർചിത്രങ്ങൾ എന്നിവയൊക്കെ അവിടെ കാണാം. ഇവിടെ ധാരാളം വൃക്ഷലതാദികളൊക്കെയുണ്ട്. ധാരാളം കൃഷിസ്ഥലങ്ങൾ ഇപ്പോഴും ഇവരുടെ സ്വന്തമാണ്. അതിൽ കൃഷിയും നടക്കുന്നുണ്ട്. സ്വന്തമായി തൃശ്ശൂർ ടൗണിൽ പോപ്പുലർ ജ്വല്ലറി നടത്തുന്ന എലുവത്തിങ്കൽ ഡേവീസിന്റെ ഗൃഹം യഥാർത്ഥത്തിൽ ചെറിയ ഒരു കാഴ്ചബംഗ്ളാവ് തന്നെ എന്നതിൽ സംശയമൊന്നും തന്നെയില്ല.

**ജിയോഗ്രഫിക്കൽ ഏരിയ -ചെമ്പുക്കാവ്**

രാജാവും കൊത്തളങ്ങളും- കൊച്ചിരാജ്യം അന്ന് കൊച്ചി കേന്ദ്രമാക്കിയിരുന്ന ക്ഷത്രിയരാജാക്കന്മാരായിരുന്നു ഭരിച്ചിരുന്നത്. ഇവരിൽ ശക്തൻതമ്പുരാനാണ് പ്രതാപിയായിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യാഗൃഹം തൃശ്ശൂരായിരുന്നതുകൊണ്ട് തൃശ്ശൂരിൽ ഒരു കോവിലകവും അതിനെ ചുറ്റി ഒരുകോട്ടയും ഒരു പുറം കോട്ടയും പണികഴിപ്പിച്ചു. ഇതിന്റെ അവശിഷ്ടങ്ങൾ ഇന്നും ചെമ്പുക്കാവിൽ കാണാം. കൊച്ചിയിൽ നിന്ന് അലങ്കരിച്ച ഓടി പഞ്ചിയിൽ തൃശ്ശൂർക്ക് എഴുന്നള്ളിയിരുന്നു. കൊച്ചി മഹാരാജാവ് അരണാട്ടുകര തരകന്റെ കടവിൽ കരയ്ക്കിറങ്ങി. ചെമ്പുകാവിലുള്ള കോവിലകത്തേക്ക് മഞ്ചലിലാണ് എഴുന്നള്ളുക പതിവ്. ആ കോവിലകവും അതിന്റെ രണ്ട് ഗോപുരവാതിലുകളും അവയുടെ പഴക്കത്തെ വിളിച്ചറിയിച്ച് ഇന്നും നിലനിൽക്കുന്നു. ചെമ്പുക്കാവിലെ കോവിലകത്തിനു ചുറ്റും വളരെ ഉയരത്തിൽ വലിയ ഇരട്ടമതിൽ ഏതാണ്ട് കെട്ടി മണ്ണുനിറച്ച് സുസ്ഥിരമാക്കിയിരിക്കുന്നു. അതിനുചുറ്റും ചുരുങ്ങിയത് ഒരു നാല്പതടി ഇരുപത്തഞ്ചടി അകലത്തിൽ വീതിയിൽ കിടങ്ങ് കുഴിച്ച് അതിൽ വെള്ളം നിറച്ചിരുന്നു. അതിൽ മുതലയെ വളർത്തിയിരുന്നു എന്ന് കേട്ടിട്ടുണ്ട്. ആരെങ്കിലും അതിക്രമിച്ച് കടന്നാൽ മുതല പിടിക്കും. ഇപ്പോഴത്തെ സ്റ്റേഡിയം പണിയുന്നത് വരെ ഈ കോട്ടയുടേയും കിടങ്ങിന്റേയും അവശിഷ്ടങ്ങൾ നെടുനീളത്തിൽ ഉണ്ടായിരുന്നു. കോവിലകത്തിന്റെ കിഴക്കും പടിഞ്ഞാറും വലിയ കോട്ടവാതിലും കോവിലകത്തേക്ക് കവാടങ്ങളും കാവൽക്കാരും നാഴികവട്ടവച്ച് സമയം ക്ളിപ്തപ്പെടുത്തി ഓരോ

മണിക്കൂറിലും മണിയടിയും ഉണ്ടായിരുന്നു. ഈ കോട്ട ചതുരാകൃതിയിലായിരുന്നു. അതിന്റെ വടക്കുപടിഞ്ഞാറ് മൂലയിൽ ഒരു വലിയ ആലും അതിന്റെ ചുവടെ ടിപ്പു ഈ കോട്ട ആക്രമിച്ചു എന്ന് കല്ലിൽ കൊത്തിവച്ച സ്തൂപവും ഉണ്ടായിരുന്നു. സ്റ്റേഡിയം പണിതപ്പോൾ ആ ചതുരമൂല സ്റ്റേഡിയത്തിനുവേണ്ടി ദീർഘവൃത്താകൃതിയിലാക്കിയ സ്തൂപവും കൊടിമരവും പൊളിച്ചുമാറ്റി പടിഞ്ഞാറെ കവാടത്തിന്റെ മുകളിൽ സ്തൂപം പണിത് ,കൊടിമരം നാട്ടി. മേൽ പറഞ്ഞ അക്ഷരം കൊത്തിയകല്ല് മാറ്റി സ്ഥാപിച്ചിരിക്കുന്നു. ഇതു കൂടാതെ കോവിലകകോട്ടയുടെ ഒന്നൊന്നര നാഴിക ചുറ്റളവിൽ മറ്റൊരു കോട്ടയും കിടങ്ങും ഉണ്ടായിരുന്നുവത്രേ. അതു കൊണ്ടാണ് കിഴക്കേ കോട്ട എന്നും പടിഞ്ഞാറെ കോട്ട എന്നും ഇന്നും തലമുറകളായി ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്.തെക്കും വടക്കും കോട്ടയെകുറിച്ച് ഒന്നും പറയാതിരിക്കുന്നത് ആരും ശ്രദ്ധിച്ചുപോകും.കോട്ട ഉണ്ടായിരുന്നെങ്കിൽ നാലു ഭാഗത്തും ഉണ്ടായിരിക്കും. ഏതെങ്കിലും ഭാഗം ഒഴിച്ചിട്ട് കോട്ട കെട്ടിയതുകൊണ്ട് കാര്യമില്ലല്ലോ. അതുകൊണ്ട് അന്വേഷണത്തിൽ തെക്കേ കോട്ടയും കോട്ടവാതിലും ഉണ്ടായിരുന്നതായി കാണുന്നുണ്ട്. അത് ഇപ്പോഴത്തെ സി.എസ്.ഐ. സെമിത്തേരിയുടെ മുൻഭാഗത്തായി സ്ഥിതി ചെയ്തിരുന്നുവത്രേ. കാൽഡിയൻ സിറിയൻ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.പോൾ തോമസ്(75 വയസ്സ്) കൊച്ചു കുട്ടിയായിരിക്കുമ്പോൾ സഹപാഠികളൊത്ത് ഈ കോട്ടഭാഗത്തെ ഇടിഞ്ഞ് പൊളിഞ്ഞ കവാടത്തിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടും കടന്ന് ഓടിക്കളിച്ചിട്ടുണ്ട് എന്നു പറയുന്നു. ഈ കാര്യം ചെമ്പുക്കാവിൽ ജീവിച്ചിരുന്ന 92 വയസ്സുള്ള ഒരാളോട് ചോദിച്ചപ്പോൾ നല്ല ഓർമ്മശക്തിയുള്ള അയാൾ പറഞ്ഞു അത് ശരിയാണെന്ന്.കാളവണ്ടിയുടെ ഉടമസ്ഥനായിരുന്ന അയാൾ അതിലെ വണ്ടി ഓടിച്ചിട്ടുണ്ടത്രേ. തൃശ്ശൂർ സെന്റ് തോമാസ് സ്കൂൾ പണിയുന്നതിന് ഒരുവണ്ടി മണലിന് വെറും 90 അണ( 60 പൈസ) ആയിരുന്നു.അന്ന് പണിത മിക്ക കെട്ടിടങ്ങൾക്കും മണൽ കാളവണ്ടിയിലാണ് തെക്കേകോട്ടവാതിൽ വഴി കൊണ്ടുവന്നിരുന്നത്. ഈ തെക്കേകോട്ടയുടെ പ്രദേശം പിന്നീട് ഇടിച്ച് നിരത്തി കിടങ്ങ് നികത്തിയതിലാണത്രേ ഈ പ്രദേശത്തെ റോഡിന്(സി.എസ്.ഐ) സാധാരണയിലധികം വീതിയുണ്ടായിരുന്നത്.

എന്നാൽ വടക്കേകോട്ടയുടെ സ്ഥാനനിർണ്ണയം കിട്ടുന്നില്ല. കാരണം ഒരു പക്ഷേ വടക്കുഭാഗത്ത് പാടമായിരുന്നിരിക്കാം. ഇപ്പോഴും അങ്ങിനെ തന്നെ. ഒരുപക്ഷേ ഷൊർണ്ണൂർ റോഡ് മുറിച്ചു കടക്കുന്ന തോടായിരിക്കണം കോട്ടയുടേയും കിടങ്ങിന്റെയും അതിർത്തി. കാലാന്തരത്തിൽ കോട്ട ഇടിഞ്ഞ് പാടത്തിനോട് ലയിച്ച് തോട് മാത്രമായിരിക്കാം ,കിഴക്കുനിന്ന് മലവെള്ളം കുത്തിയൊഴുകുന്ന കുണ്ടുപാറതോടുമായി പിന്നീട് കിടങ്ങ് കൂടി ചേർന്നിരിക്കാം.

**ജിയോഗ്രഫിക്കൽ ഏരിയ-കുരിയച്ചിറ**

കുരിയച്ചിറ പള്ളി- കുരിയച്ചിറ പള്ളിയുടെ ചുറ്റും ആദ്യകാലത്ത് മതിലുണ്ടായിരുന്നില്ല. പകരം മുള്ളുവേലി ആയിരുന്നു ഉണ്ടായിരുന്നത്. ഇന്ന് പള്ളി പുതുക്കിപണിതെങ്കിലും പഴയപള്ളിയുടെ ഒരു ഭാഗം ഇന്നും പള്ളിയുടെ തെക്കേഭാഗത്ത് കാണാം. ആ പള്ളിയുടെ മുൻപിലേക്ക് ഉണ്ടായിരുന്ന ഭാഗത്താണ് ഇപ്പോൾ പുതിയ പള്ളി

നിൽക്കുന്നത്. ആദ്യ കാലത്ത് പള്ളിയുടെ മുൻവശത്തേക്ക് ഉണ്ടായിരുന്ന ഹാൾ ആണ് പൊളിച്ചുകളഞ്ഞത്.
ഒരു പ്ളാവിന്റെ സ്ഥാനത്തായിട്ടായിരുന്നു മണിമാളിക. അതായത് ഒരു പ്ളാവിൻമേലായിരുന്നു മണികെട്ടിയിരുന്നത്. കുറച്ച് നീങ്ങി ഒരു മൂലയിൽ മുളക്കൂട്ടം ഉണ്ടായിരുന്നു. പണ്ട് കാലത്ത് ആഴ്ചയിൽ ഒരു കുർബാന മാത്രമായിരുന്നു ഉണ്ടായിരുന്നത്. അരമനയിൽ നിന്ന് വരുന്ന അച്ചനായിരുന്നു കുർബാന നടത്തുക. കാട്ടുക്കാരൻ വാറു എന്നയാളാണ് പള്ളിക്ക് വേണ്ട സ്ഥലം കൊടുത്തത്. സി.സി.ജോർജ്ജ് എന്ന മുൻസിപ്പൽ ചെയർമാൻ ഒരു റബ്ബർ തോട്ടമായിരുന്ന നെഹ്റുനഗറിനെ താമസയോഗ്യമാക്കി. നെഹ്റുനഗർ എന്ന സ്ഥലത്ത് പണ്ട് റബ്ബർ തോട്ടമായിരുന്നു. നട്ടുച്ചയ്ക്ക് വരെ ഒറ്റയ്ക്ക് പോകുവാൻ ആളുകൾക്ക് ഭയമുളവാക്കുന്ന സ്ഥലമായിരുന്നു ഇത്. സ്വന്തം കുട്ടികളുടെ പഠനസൗകര്യാർത്ഥം ആണ് ജനങ്ങൾ ഇവിടെ വന്ന് താമസിച്ചിരുന്നത്.

പണ്ടുകാലത്ത് ഇവിടെയുള്ള മുണ്ടുപാലം ചുങ്കം പിരിച്ചിരുന്നു. ഇവിടെ നിന്ന് ചന്തയിലേക്ക് പോകാനുള്ളതെല്ലാം ചുങ്കത്തിന്റെ അവിടെ നിന്ന് കയറ്റിയാണ് പോകുക. ഇവിടെയുള്ള സഹകരണബാങ്കിൽ ആദ്യകാലത്ത് ഒരു ഷെയറിന് അഞ്ചുരൂപയായിരുന്നു നിരക്ക്. പഴയകാലത്ത് ഇവിടെയുണ്ടായിരുന്ന ഗോസായിക്കുന്നിൽ ഗോസായിമാർ എന്ന വിഭാഗക്കാർ താമസിച്ചിരുന്നു. അവരുടെ മൃതദേഹം അടക്കം ചെയ്തിരുന്നതെന്ന് വിശ്വസിക്കുന്ന ചീനഭരണികൾ കുരിയച്ചിറയിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

കുര്യൻ എന്ന ആൾ പണ്ടുകാലത്ത് ഈ പ്രദേശത്ത് താമസിച്ചിരുന്നു. കുര്യൻ ഒരു നാട്ടുപ്രമാണി ആയിരുന്നു. കുര്യൻ ചിറകെട്ടിയതു മൂലം ഈ ഭാഗം കുരിയന്റെ ചിറ അതായത് കുരിയച്ചിറയായി മാറി.

പണ്ട് കാലത്ത് തൃശ്ശൂരിൽ പ്രസംഗിക്കുന്നതിനു വേണ്ടി ചാച്ചാ നെഹ്റു കുരിയച്ചിറ വഴിയാണ് തൃശ്ശൂരിലേക്ക് പോയത്. നെഹ്റു ഏവരും ആരാധിക്കുന്ന ഒരു നേതാവായിരുന്നു. കാറിന്റെ മുൻവശത്ത് എല്ലാവരും കാൺക ഇന്ദിരാഗാന്ധിയും ഉണ്ടായിരുന്നു. മുകൾ ഭാഗം ഇല്ലാത്ത തുറന്നകാറായിരുന്നു. ഇരുവശത്തും നിരന്നുനിൽക്കുന്ന ജനങ്ങളെ അഭിവാദ്യം ചെയ്ത് നെഹ്റു തുറന്ന കാറിൽ എഴുന്നേറ്റു നിൽക്കും. ഒരു പ്ളിമത്ത് കാറിലാണ് ചാച്ചാജി സഞ്ചരിച്ചിരുന്നത്.

തൃശ്ശിവപേരൂർ എന്നായിരുന്നു തൃശ്ശൂരിന്റെ പഴയ പേര്. മൂന്ന് ശിവൻമാർ ഉള്ളതിനാലാണ് അങ്ങിനെ അറിയപ്പെട്ടിരുന്നത്. മൂന്ന് ശിവൻമാർ എന്നു പറഞ്ഞാൽ മൂന്ന് ശിവക്ഷേത്രങ്ങളായ അശോകേശ്വരം ക്ഷേത്രം, വടക്കുന്നാഥൻ ക്ഷേത്രം, മിഥുനപ്പിള്ളി ക്ഷേത്രം എന്നാണർത്ഥം.

ഗവർണ്ണർ ഭരണം ഉണ്ടായിരുന്ന കാലത്ത് ശ്രീ പി.എസ്. റാവു ഇവിടെ വന്നു. (തൃശ്ശൂർ) അയ്യന്തോളിലേക്ക് ഭരണകേന്ദ്രം മാറ്റുന്നതിനെ എതിർത്തത് തൃശ്ശൂരിലെ

വാടകകെട്ടിടങ്ങളുടെ ഉടമസ്ഥരായിരുന്നു. പ്രധാന ഗവൺമെന്റ് ഓഫീസുകളെല്ലാം തന്നെ വാടകകെട്ടിടങ്ങളിലായിരുന്നു. അവർ സ്വാഭാവികമായും ഓഫീസ് മാറുമ്പോൾ എതിർപ്പ് പ്രകടിപ്പിക്കും. വാടകകെട്ടിടങ്ങളുടെ ഉടമസ്ഥർ എതിർത്തപ്പോൾ ശ്രീ. പി.എസ്. റാവു കുലുങ്ങിയില്ല. തൃശ്ശൂരിനെ വികസിച്ച് കാണണമെന്ന് ആഗ്രഹമുണ്ടെങ്കിൽ വികസനനടപടികളിൽ എല്ലാവരും തൃപ്തിപ്പെടണമെന്ന് ശ്രീ.പി.എസ്. റാവു ആവശ്യപ്പെട്ടു.

ഇന്നത്തെ ശക്തൻ തമ്പുരാൻ മാർക്കറ്റ് ഇരട്ടച്ചിറക്കുളം എന്നു പറയുന്ന ഏക്കർ കണക്കിന് വിസ്താരമുള്ള ഒരു കുളമായിരുന്നു. അതു മൂടിയിട്ടാണ് ബസ് സ്റ്റാന്റും മാർക്കറ്റും പണികഴിപ്പിച്ചിട്ടുള്ളത്.

പുത്തൻപള്ളിയുടെ അടുത്ത് ചന്തങ്ങാടി എന്നുപറയുന്ന സ്ഥലത്തായിരുന്നു തുണിത്തരങ്ങൾ, ആട്ടിറച്ചി ഇവ വിറ്റിരുന്നത്. തെരവ്, ലേലം മുതലായവ മാർക്കറ്റിൽ ഉണ്ടായിരുന്നു. കായക്കുലകൾ കാവിന്മേൽ തൂക്കിയിട്ടാണ് ചന്തയിലേക്ക് കൊണ്ടുവന്ന് ലേലം വിളിക്കുക. അന്നുകാലത്ത് ആൾ വലിക്കുന്ന റിക്ഷാവണ്ടികൾ ഉണ്ടായിരുന്നു. ചെറുകായക്കുല ഉറിപ്പോലെ കിടത്തികൊണ്ടുവരും. ഇന്നത്തെ പോലീസ് സ്റ്റേഷൻ നിൽക്കുന്ന സ്ഥലവും മാർക്കറ്റിന്റെ ഒരു ഭാഗമായിരുന്നു. മാനുവൽസൺസിന്റെ അവിടെ പണ്ട് കാലത്ത് ബസ്സ് ഷെൽട്ടറുകളായിരുന്നു.
പഴയകാല പോസ്റ്റ് ഓഫീസ് ചെട്ടിയങ്ങാടിയിലെ മുസ്ളീം പള്ളിക്ക് സമീപമായിരുന്നു. പണ്ട് പോസ്റ്റോഫീസിന് പകരം അഞ്ചൽ ആഫീസായിരുന്നു. കൊച്ചി രാജ്യത്തെ തപാലാഫീസായിരുന്നു അത്. കൊച്ചിരാജ്യത്തിലേക്കുള്ള എഴുത്ത് ഇടുന്ന സ്ഥലത്ത് പച്ചപെട്ടിയായിരുന്നു വച്ചിരുന്നത്. മദ്രാസ് രാജ്യത്തിലേക്കുള്ള എഴുത്തുകൾ ഇടാൻ വച്ചിരുന്നത് ചുവന്ന നിറത്തിലുള്ള തപാൽപ്പെട്ടി ആയിരുന്നു.

ശ്രീ.പി.ജെ.ആന്റണി എന്നയാൾ മുൻസിപ്പൽ കമ്മീഷണറായിരിക്കുന്ന കാലത്ത് മുൻസിപ്പാലിറ്റിയിലുള്ള വീട്ടുകാരെ നികുതിയിൽ നിന്ന് ഒഴിവാക്കാൻ ശക്തൻ നഗർ എന്ന ആശയം കൊണ്ടുവന്നു. ശ്രീ.എ.ടി.തോമസും അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്നു.

1959-60 കാലഘട്ടങ്ങളിൽ തൃശ്ശൂരിലാകെ വസൂരി പടർന്നുപിടിച്ചു. രോഗിയെ വേണ്ടപ്പെട്ടവർ വരെ കയ്യൊഴിയും. കാരണം വസൂരി വളരെ എളുപ്പത്തിൽ പടരുന്ന ജീവഹാനി വരുത്തുന്ന മാറാവ്യാധിയായിരുന്നു. അക്കാലത്ത് അതിന് മരുന്ന് കണ്ടുപിടിച്ചിട്ടില്ലായിരുന്നു. വസൂരി ബാധിക്കുന്നവരെ കാണാൻതന്നെ ആരും കൂട്ടാക്കാറില്ല. രോഗം മൂർച്ഛിച്ചാൽ പറവട്ടാനിയിലെ വസൂരിപ്പുരയിൽ എത്തിക്കുകയാണ് ചെയ്യുക. മരിക്കുമ്പോൾ അവിടെ തന്നെ സംസ്കരിക്കും.

ശ്രീ.ദേവസ്സി അക്കാലത്ത് പൊതുപ്രവർത്തനം തുടങ്ങിയിരുന്നു. ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത് സന്നദ്ധപ്രവർത്തകരും ദേവസ്സിച്ചേട്ടനും ടൗണിൽ പോയി ഫിനോയിൽ, മണ്ണെണ്ണ എന്നിവ വാങ്ങികൊണ്ടുവരുമായിരുന്നു. ഹോമിയോ, ആയുർവ്വേദം, അലോപ്പതി തുടങ്ങി എല്ലാവിഭാഗത്തിൽ നിന്നുള്ള ഔഷധങ്ങളും

ശേഖരിക്കാറുണ്ടായിരുന്നു. ശേഖരിച്ച ഔഷധങ്ങളുമായി ശ്രീ.ദേവസ്സിയും കൂട്ടരും രോഗികളുടെ അടുക്കലേപ്പായി സന്നദ്ധപ്രവർത്തനം നടത്തിയിരുന്നു. ഫിനോയിലും, മണ്ണെണ്ണയും കൊണ്ട് ശുചിത്വമുള്ള പരിസ്ഥിതി ഉണ്ടാക്കുകയാണ് ചെയ്യാറ് .അങ്ങിനെ വസൂരിക്കെതിരെ യുദ്ധം പ്രഖ്യാപിച്ച ആളാണ് ദേവസ്സി.

**ജിയോഗ്രഫിക്കൽ ഏരിയ -വെട്ടിക്കൽ**

ഞങ്ങൾ പരിചയപ്പെട്ടത് 11-ാം ഡിവിഷനിലെ മേരി 55 വയസ്സ് . പണ്ടുകാലത്ത് പേരുകേട്ട നാട്ടുവൈദ്യനായ അന്തപ്പൻ വൈദ്യരുടെ മകൾ. അന്തപ്പൻ വൈദ്യർ എല്ലാവൈദ്യ ചികിത്സയും ചെയ്തിരുന്നു എങ്കിലും വിഷവൈദ്യമാണ് പ്രധാനം. പാരമ്പര്യമായി വൈദ്യത്തെ കുറിച്ച് അറിയാമായിരുന്നു. പിന്നെ മുക്കാട്ടുകരയിലുള്ള ഗുരുകുലത്തിൽ നിന്നും വൈദ്യം പഠിച്ചു. പിന്നീട് തൃപ്പൂണിത്തുറ കോളേജിൽേപ്പായി പഠിക്കുകയും ചെയ്തു.

പാമ്പ് കടിച്ച് കൊണ്ടുവരുന്ന ആളെ ശക്തികുറഞ്ഞ വിഷമാണെങ്കിൽ വില്ലാദി ഗുളിക തുളസിനീരിൽ അരച്ച് കടിയേറ്റ ഭാഗത്ത് പുരട്ടുകയും അതുതന്നെ കഴിപ്പിക്കുകയും ചെയ്യും. വെറ്റിലയിലാണ് മരുന്ന് കൊടുക്കുന്നത്. ശക്തിയുള്ള വിഷമാണെങ്കിൽ വിഷഹാരി ലേഹ്യം കൊടുക്കും. എരുക്കിൻ പാലുകൊണ്ടുണ്ടാക്കിയതാണ് ലേഹ്യം. സത്രത്തിൽ നിന്നാണ് വാങ്ങാറുള്ളത്. പാമ്പിന്റെ ഇനം അനുസരിച്ച് കിഴി,ധാര എന്നിവ നടത്തും. എരുക്കിൻ ഇല ഒരുപിടിയെടുത്ത് അങ്ങോട്ടും ഇങ്ങോട്ടും ആയി മടക്കി കിഴി ഉണ്ടാക്കുന്നു. ചീനച്ചട്ടിയിൽ പശുനെയ്യ് ചൂടാക്കി ഇന്തുപ്പ് പൊടിച്ചിടുന്നു. കിഴി നെയ്യിൽ മുക്കി കിഴി പിടിക്കുന്നു. കടിച്ചഭാഗത്തും വേദനയുള്ളഭാഗങ്ങളിലും പിടിക്കും. അര മണിക്കൂറോളം ഇടവിട്ട് ഇടവിട്ട് കിഴി പിടിക്കും.

പാമ്പുകടിയേറ്റ് ഓർമ്മയില്ലാതെ വരുമ്പോൾ നസ്യം ചെയ്യും. ചെവിയിലും മൂക്കിലും നെറുകയിലും ഊതും. നസ്യം ചെയ്യുന്നവരുടെ വായിൽ മരുന്ന് ഉണ്ടാകും. ഇരട്ടിമധുരം, കറളകത്തിന്റെ വേര് , ചുക്ക് ചതച്ചതും വായിലിട്ടാണ് ഊതുക. ഊതുമ്പോൾ തുപ്പൽ ആകുവാൻ പാടില്ല. തുപ്പൽ വരുമ്പോൾ മരുന്ന് കളയാതെ തുപ്പികളയണം. മൂക്കിൽക്കൂടിയുള്ള നസ്യം മുലപ്പാലിൽ ഗുളിക അരച്ച് പ്ളാവില കുമ്പിൾ കുത്തി മൂക്കിന്റെ രണ്ട് ദ്വാരത്തിലും ആയി വയ്ക്കും. രണ്ട് ദ്വാരങ്ങളിലും മരുന്ന് ഒഴിച്ച് ഒപ്പം ഊതണം. വശമുള്ളവർേക്ക അത് ചെയ്യാൻ പറ്റൂ. ഓർമ്മക്കുറവ് മാറി സംസാരിക്കാൻ തുടങ്ങുമ്പോൾ കഷായം വെച്ച് കൊടുക്കും. മുരിങ്ങയില പൊടിയരി കൂട്ടി തിരുമ്മും അത് പച്ചനിറം ആകുമ്പോൾ ഇല ചേറികളയും അത് ഉപ്പിടാതെ കഞ്ഞികൊടുക്കും.

അണലി, ചേനത്തണ്ടൻ കടിച്ചാൽ ജലധാര നടത്തും. കിണ്ടിയിൽ വെള്ളം നിറച്ച് നെറുകയിൽ നിർത്താതെ ധാര ഒഴിക്കുക. കിണ്ടിയിൽ വെള്ളം നിറച്ച് അത് ഒരു കിണ്ണം കൊണ്ട് മൂടുക. അതിന് ശേഷം പെട്ടെന്ന് കിണ്ടിയും കിണ്ണവും ഒരുമിച്ച് പിടിച്ച് കിണ്ടി കമഴ്ത്തുക.അപ്പോൾ കിണ്ടിയുടെ കുഴലിൽ നിന്ന് വെള്ളം ധാരയായി വീഴും. കിണ്ണത്തിലെ വെള്ളം കുറയാതെ ഒഴിച്ചുകൊണ്ടിരിക്കുക. ആള് തണുത്ത് വിറക്കുന്നതുവരെ

നെറുകയിൽ ധാര നടത്തികൊണ്ടിരിക്കുക. ഇതു കഴിഞ്ഞാൽ ധാര നിറുത്തി മരുന്ന് നെറുകയിൽ തിരുമ്മും പഥ്യം ഉണ്ട്. പ്രധാനമായും ഉറങ്ങുവാൻ പാടില്ല. കട്ടിയുള്ള ഭക്ഷണം കഴിക്കുവാൻ പാടില്ല. ഉപ്പില്ലാത്ത കഞ്ഞി, മുറുക്കുവാൻ പാടില്ല, അച്ചാറുകൾ പപ്പടം കഴിക്കാം.

മറ്റൊരു ചികിത്സ കോഴിയുടെ മൂട് മുറിച്ച് കടിയേറ്റ ഭാഗത്ത് അമർത്തി പിടിക്കും. കോഴിയുടെ രക്തത്തിലേക്ക് വിഷം കയറുന്നു. കോഴി ചാകുന്നതനുസരിച്ച് കോഴിയെ മാറ്റുന്നു. ഇങ്ങനെ കോഴി ചാകാതാകുമ്പോൾ വിഷം ഇറങ്ങി എന്നു പറയുന്നു. മൂന്നാ നാലോ കോഴികൾ വേണ്ടി വരും. അദ്ദേഹത്തിന് (അന്തപ്പൻ)പാമ്പുകടിയേറ്റ് ആളെ കൊണ്ടുവരുന്ന കാര്യം മുൻ കൂട്ടി അറിയാം. പാടുകൾ നോക്കി ഏത് പാമ്പാണ് കടിച്ചതെന്ന് പറയാൻ അദ്ദേഹത്തിന് കഴിയും.

തേക്കിൻക്കാടും ക്ഷേത്രങ്ങളും

(18-ാം നൂറ്റാണ്ടുമുതൽ 20-ാം നൂറ്റാണ്ടുവരെ)

ഇന്ന് കാണുന്ന തൃശ്ശൂർ പട്ടണം അന്നില്ല. വെറുമൊരു നാട്ടിൻപുറമായിരുന്നു. ക്ഷേത്രങ്ങളും കുളങ്ങളും ഉണ്ടായിരുന്നു. തേക്കിൻമരം നിറഞ്ഞുനിന്നിരുന്ന കുന്നിന്റെ നെറുകയിൽ മതിൽകെട്ടില്ലാതെ ഇന്ന് വടക്കുംനാഥ ക്ഷേത്രം എന്നറിയപ്പെടുന്നത് അന്ന് കുന്നിൻമുകളിലെ ചെറിയക്ഷേത്രസംവിധാനമായിരുന്നു. ഈ കുന്നിന്റെ തെക്കേ ഭാഗത്ത് ഘോരമായ ഒരു നിബിഡവനമായിരുന്നു. നിറയെ വന്യമൃഗങ്ങളും. കൊലക്കുറ്റം മൂലം വധിക്കാൻ വിധിക്കപ്പെട്ട കുറ്റവാളികളെ രാജകൽപ്പന അനുസരിച്ച് ഈ തെക്കേ വനത്തിലേക്ക് തള്ളിവിട്ടിരുന്നുവത്രേ വന്യമൃഗങ്ങൽക്ക് ഇരയാകുവാൻ വേണ്ടി. ഇത് ഐതിഹ്യമാണെങ്കിലും തലമുറയായി പറഞ്ഞുവരുന്നു.

അങ്ങനെ തേക്ക് നിന്നതുകൊണ്ട് തേക്കിൻകാടായതല്ല. തെക്കുവശത്തെക്കാട് തെക്കിൻക്കാട് ആയതാണെന്നും ഉള്ള രണ്ട് സംജ്ഞാവിവാദത്തിൽ കുടുങ്ങികിടക്കുകയാണിപ്പോൾ തേക്കിൻകാട് മൈതാനം. എന്നാൽ ഇന്ന് മൈതാനത്തിന് ചുറ്റും കാണുന്ന അരമതിലും ഇടയ്ക്കുള്ള ടാറിട്ടറോഡും എസ്.ഐ.ബിയുടെ ജലധാരയോ ,വാട്ടർ ടാങ്കോ ,ട്രാൻസ്ഫോർമർ കെട്ടിടമോ ,കൊല്ലം തോറും പൂരപ്പറമ്പിൽ നടത്താറുള്ള പൂരം എക്സിബിഷനോ (അന്ന് എക്സിബിഷൻ മോഡൽ ഗേൾസ് ഹൈസ്കൂളിലാണ് നടത്തുക.) കുട്ടികളുടെ പാർക്കോ 1936-ന് മുൻപ് മൈതാനത്ത് ഉണ്ടായിരുന്നില്ല. ശക്തൻ തമ്പുരാനാണ് ക്ഷേത്രം ഇന്നത്തെ തോതിൽ വലുതാക്കിപണിതത്. ഇന്ന് കാണുന്ന റൗണ്ട് ഒരു ഇടവഴി പോലെയായിരുന്നു. രണ്ട് ക്ഷേത്രം പാറമേക്കാവ്, തിരുവമ്പാടിയും അന്നും ഉണ്ട്. പാറമേക്കാവിൽ നിന്നും, തിരുവമ്പാടിയിൽ നിന്നും, പഴയനടക്കാവിൽ നിന്നും തേക്കിൻക്കാടെന്ന കുന്നിൻമുകളിലേക്ക് സാമാന്യം വീതികുറഞ്ഞ ഒരു നടവഴിയുണ്ടായിരുന്നു. വടക്കേച്ചിറയും, പടിഞ്ഞാറെച്ചിറയും മറ്റു കുളങ്ങളും ഉണ്ട്. ഭക്തർക്ക് തൊഴാൻ പോകാനുള്ള വഴിയും കുളിക്കാനുള്ള കുളങ്ങളും ആയിരുന്നു അത്. ശക്തൻതമ്പുരാൻ തൊട്ട് ഇങ്ങോട്ടുള്ള ഭരണാധികാരികളാണ് ഈ റൗണ്ട് ഇന്നത്തെ തോതിൽ

വികസിപ്പിച്ചെടുത്തത്. അതുപോലെ തന്നെ പൂരം എഴുന്നള്ളിച്ച് വരുന്ന 9 ക്ഷേത്രങ്ങളും അന്നുണ്ട്. ആറാട്ടുപുഴക്ഷേത്രം എല്ലാറ്റിനും മകുടം ചാർത്തിയിരുന്നു. പൂരത്തിന് ആന ഒഴിച്ചുകൂടാത്ത ഒരു പ്രധാന ഇനമായിരുന്നു.

തേക്കിൻകാടിന്റെ അടുത്ത് വടക്കുഭാഗത്തായി പാലിയം റോഡിന്റെ സൈഡിൽ ഉദ്ദേശം 10 ഏക്കറോളം സ്ഥലത്ത് പ്രധാനമായി പൂക്കൈതയും മറ്റു പൂക്കളും വച്ചു പിടിപ്പിച്ചിരുന്നു. പള്ളിത്താമം എന്ന് പേരുണ്ടായിരുന്ന ഒരു തോട്ടം ഉണ്ടായിരുന്നു. അവിടെ നിന്നാണ് ക്ഷേത്രത്തിൽ ശ്രീപരമശിവനെ പ്രത്യേകം ചാർത്താൻ പൂക്കളും ശ്രീ പാർവതീദേവിക്ക് ചൂടാൻ അന്നന്നു വിരിയുന്ന കൈതപ്പൂവും ക്ഷേത്രത്തിലേക്ക് ചുമതലപ്പെട്ടവർ കൊണ്ടുപോയിരുന്നത്. സമ്പൂർണ്ണ പൂജ്യതയോടെ പൂക്കൾ കൊണ്ടുപോകാൻ മാത്രം ഒരു വഴിയും വടക്കുംനാഥനിലേക്ക് വടക്കുനിന്നുകയറാൻ ഒരു ചെറിയ പടിയും ഉണ്ടായിരുന്നു. ഈ പള്ളിത്താമത്തിന്റെ കുറെ ഭാഗം സർക്കാർ വിറകു ഡിപ്പോയ്ക്കു കൊടുക്കുകയും പിന്നീട് അതിന്റെ കിഴക്കേ അറ്റത്ത് കെട്ടിടങ്ങളും മറ്റും കൊച്ചിൻ ദേവസ്വം ബോർഡ് പണിതതിനാൽ ഇന്ന് പള്ളിത്താമം എന്ന പേര് നാമാവശേഷമായിട്ടില്ലെങ്കിലും കൈതപ്പൂവ് അവിടെ നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു.പള്ളിത്താമത്തെ കുറിച്ചും പൂക്കൾ കൊണ്ടുപോകുന്ന വഴിയെകുറിച്ചും മുൻ മുഖ്യമന്ത്രി ശ്രീ.സി.അച്യുതമേനോന്റെ ജീവചരിത്രകുറിപ്പുകളിൽ ജനയുഗത്തിൽ എഴുതിയിരുന്നു.